**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3158 — 20/06/2014 -ൽ മറുപടിയ്ക്ക്

**88 കോടി രൂപയുടെ നാളികേര ഉത്പാദന പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പി. കെ. ബഷീർ** | **ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |

| | |
|---|---|
| എ) 88 കോടി രൂപയുടെ നാളികേര ഉത്പാദന പദ്ധതിയുടെ കേരള വിഹിതം എത്രയാണ് ; | എ) 88 കോടി രൂപയുടെ നാളികേര ഉത്പാദന പദ്ധതിയെ കുറിച്ച് കൃഷി വകുപ്പിന് അറിയില്ല. എന്നാൽ കേന്ദ്ര സർക്കാരിന്റെ നാളികേര വികസന ബോർഡ്, സംസ്ഥാന കൃഷി വകുപ്പ് മുഖേന 2014-15-ൽ നടപ്പിലാക്കുന്ന നാളികേര ഉത്പാദന പദ്ധതിയ്ക്ക് 305.225 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. |
| ബി) ഏതെല്ലാം പദ്ധതികളാണ് കേരളത്തിന് ലഭിച്ചിട്ടുള്ളത്; | ബി) കൃഷി വകുപ്പ് മുഖാന്തിരം നടപ്പിലാക്കാൻ ലക്ഷ്യമിടുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. സങ്കര വർഗ്ഗ തെങ്ങിൻതൈകളുടെ ഉല്പാദനവും. വിതരണവും- 29.6 ലക്ഷം.<br>2. പ്രദേശിക കോക്കനട്ട് നഴ്സറികൾ സ്ഥാപിക്കൽ- 60 ലക്ഷം.<br>3. ചെറുകിട തെങ്ങിൻ തോട്ടങ്ങളിൽ സംയോജിത കൃഷി.<br>എ). കുട്ടനാട് പാക്കേജ്- 121.875 ലക്ഷം.<br>ബി). ഇടുക്കി പാക്കേജ് - 93.75 ലക്ഷം.<br>ആകെ 305.225 ലക്ഷം. |
| സി) പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | സി) കൃഷി വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**